**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4827** | | **26.06.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ഓടകളുടെയും കനാലുകളുടെയും പുനരുദ്ധാരണവും നിർമ്മാണവും** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | അമൃത് നഗരങ്ങളിലെ പ്രധാന ഓടകളുടെയും കനാലുകളുടെയും പുനരുദ്ധാരണവും നിർമ്മാണവും നടത്തി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഡ്രെയിനേജ് സെക്ടറിൽ എത്ര പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഏറ്റെടുത്ത പദ്ധതികളിൽ എത്ര ശതമാനമാണ് പൂർത്തിയാക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ; | (എ) | സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 385.19 കോടി രൂപയുടെ 508 പദ്ധതികൾക്കാണ് (മുഖ്യ പദ്ധതികൾ 116) അംഗീകാരം ലഭിച്ചിട്ടുള്ളത്. 51.72 കോടി രൂപയുടെ 156 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി സെക്ടറിലെ 30.71% പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ആകെ പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ഇത്തരത്തിൽ ചെലവഴിയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്; | (ബി) | 382.42 കോടി രൂപ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിയ്ക്കായി 80.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ 21.78% രൂപ ചെലവഴിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ലായെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. അമൃത് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിവരുന്ന എല്ലാ പദ്ധതികളും 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ